സാഹിതീസപര്യ:

സംസ്കൃതം തിരിച്ചുവരുന്നു

സംസ്കൃതം ഇന്ത്യയിലേക്കു തിരിച്ചുവരുകയാണെന്നതിന്നു സംശയമില്ല. സംസ്കൃതവിദ്യാർത്ഥിക്കു ഉപജീവനം മാത്രമല്ല സമുദായത്തിൽ മാന്യസ്ഥാനവും കിട്ടിത്തുടങ്ങുന്ന കാലം അടുത്തു. ഈ വസ്തുത മുൻകൂട്ടിക്കണ്ടുകൊണ്ട് കേരളീയരും സംസ്കൃതപ്രചാരണത്തിന്നു തങ്ങളാലാവുംമട്ട് ശ്രമിക്കേണ്ടിയിരിക്കുന്നു.

എൻ. വി. കൃഷ്ണവാരിയർ

ഇന്ത്യയിൽ, വളരെക്കാലമത്തെ മാന്ദ്യത്തിനുശേഷം സംസ്കൃതവിദ്യാഭ്യാസത്തിന്നു ഒരു പുതിയ ജീവൻ വന്നുതുടങ്ങിയെന്നതിന്റെ ലക്ഷണങ്ങൾ ഇന്നു കണ്ടുതുടങ്ങിയിട്ടുണ്ട്. സംസ്കൃതവിദ്യാഭ്യാസത്തിന്റെ ഇന്നത്തെ നിലയും, അതിന്നു ഭാവിയിലുണ്ടാകേണ്ട രൂപവും ശരിയായി അദ്ധ്യയനം ചെയ്തു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മീഷൻ ഇന്ത്യാഗവർമ്മേണ്ട് നിയമിച്ചതു് ഈയിടെയാണല്ലോ. ഈ കമ്മീഷൻ തെളിവു ശേഖരിക്കൽ ആരംഭിച്ചു കഴിഞ്ഞു. കമ്മീഷന്റെ വിസ്തൃതമായ ചോദ്യാവലി ഇന്ത്യയിലൊട്ടുക്ക് വിതരണം ചെയ്തിട്ടുണ്ട്. അടുത്തമാസത്തിൽ കമ്മീഷൻ കേരളം സന്ദർശിക്കുന്നതാണ്. ഈ അവസരത്തിൽ കേരളത്തിലെ സംസ്കൃതപ്രണയികൾ എല്ലാവരും കമ്മീഷൻ അംഗങ്ങളെ കണ്ട് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവരുടെ മുമ്പിൽ സമർപ്പിക്കുമെന്നു പ്രതീക്ഷിക്കാം.

സംസ്കൃത വിശ്വവിദ്യാലയം

സംസ്കൃതക്കമ്മീഷന്റെ നിയമനം പോലെയോ, അതിലധികമോ പ്രധാനമായ ഒരു സംഗതി കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് സംഭവിക്കുകയുണ്ടായി. ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിന്നു സമീപം ജനവരി 11-ാംനു രാഷ്ട്രപതി രാജേന്ദ്രപ്രസാദ് ഒരു സംസ്കൃതവിശ്വവിദ്യാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചതിനെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നതു്. ഈ യൂനിവേഴ്സിററിക്കു വേണ്ടി അടുത്ത അഞ്ചുകൊല്ലങ്ങളിൽ പത്തുലക്ഷം ക. പഞ്ചാബ് ഗവർമ്മേണ്ട് ചെലവാക്കുന്നതാണ്. സംസ്കൃതഭാഷമാത്രം പഠിപ്പിക്കുവാനുള്ള ഒരു സർവ്വകലാശാലയാവില്ല ഇതു്. ഇവിടെ സംസ്കൃതഭാഷാസാഹിത്യങ്ങളോടൊപ്പം ആധുനികങ്ങളായ എല്ലാ വിഷയങ്ങളും പഠിപ്പിക്കുവാനേർപ്പാടുണ്ടാകും. ആദ്യകാലത്ത് അദ്ധ്യയനഭാഷ ഇംഗ്ലീഷോ ഹിന്ദിയോ ആകാനാണ് വഴി. സംസ്കൃതഭാഷാസാഹിത്യങ്ങൾ എല്ലാ വിഭാഗങ്ങളിലുമുള്ളവർക്ക് നിയമേന പഠിക്കേണ്ടിവരും. പിന്നീട് സംസ്കൃതം വിദ്യാഭ്യാസോപാധി—മീഡിയം—ആക്കാനുള്ള ആലോചനയുമുണ്ട്. ആധുനികരീതിയിലും പ്രാചീനരീതിയിലുമുള്ള പഠനപദ്ധതികൾ ഏകീകരിക്കുവാനിവിടെ ഒരു ശ്രമം നടക്കുന്നതായിരിക്കും. വേദങ്ങളുടെ ജന്മഭൂമിയായ പഞ്ചനദം സംസ്കൃതഭാഷാസാഹിത്യങ്ങളിൽ തീരെ ശ്രദ്ധ പതിപ്പിക്കാതായിട്ട് കാലം കുറെയായി. മഹാഭാരത കഥാപാത്രങ്ങളിൽ പലരുടേയും ജന്മഭൂമികൾ ഇന്ത്യയിൽനിന്നു വിട്ടുപോയി. ദുര്യോധനന്റെയും മററും മാതാവായ ഗാന്ധാരി ഇന്നു ജീവിച്ചിരുന്നുവെങ്കിൽ ഒരു അഫ്ഗാൻ പ്രജയാകുമായിരുന്നു, പാണിനി പാകിസ്ഥാൻകാരനായേനെ. സംസ്കൃതസാഹിത്യത്തിനെ തൊട്ടിലിലിട്ട് ആട്ടിവളർത്തിയ പല പ്രദേശങ്ങളും ഇന്ത്യയിലല്ലാതായ്ത്തീർന്നു പുറമെ, ഇന്ത്യയിലവശേഷിച്ച പഞ്ചാബിൽത്തന്നെയും സംസ്കൃതം തുലോം അവഗണിക്കപ്പെട്ടിരിക്കയായിരുന്നു. ഇടക്കാലത്ത് ആര്യസമാജക്കാർ സംസ്കൃതപ്രചാരണത്തിന്നു കുറെയൊക്കെ ശ്രമിക്കാതിരുന്നില്ല. എന്നാലും സംസ്കൃതം ശരിക്കും പഞ്ചാബിലേക്കു തിരിച്ചുവരുന്നതു് 'കുരുക്ഷേത്ര' സർവ്വകലാശാലയുടെ സ്ഥാപനത്തോടെയാണ്. എല്ലാ സംസ്കൃതപ്രണയികളെയും ആവേശഭരിതരാക്കുന്നതിന്നു പര്യാപ്തമാണ് "കുരുക്ഷേത്ര സർവ്വകലാശാല"യുടെ ശിലാന്യാസം.

കുരുക്ഷേത്ര സർവ്വകലാശാല, ഏതായാലും, ഇന്ത്യയിൽ അപരിചിതമായൊരു സ്ഥാപനമായിരിക്കയില്ല. സഹസ്രാബ്ദങ്ങളായി സംസ്കൃതവിജ്ഞാനത്തിന്റെ കേന്ദ്രമായി വർത്തിച്ചുപോന്ന കാശിയിൽ ഒരു സംസ്കൃതയൂനിവേഴ്സിററി സ്ഥാപിക്കുവാൻ ഉത്തരപ്രദേശ് ഗവർമ്മേണ്ട് ആലോചന തുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി. ഈ സർവ്വകലാശാല താമസിയാതെ തുറക്കുമെന്നാണ് പറയപ്പെടുന്നത്. ഗംഗാതീരത്തേക്കു സംസ്കൃതം തിരിച്ചുവന്നിട്ടു ഏതാനും കൊല്ലങ്ങളായിട്ടുണ്ട്. ഉത്തരപ്രദേശത്തിൽ വിദ്യാഭ്യാസത്തിന്റെ സെക്കണ്ടറി ഘട്ടത്തിൽ സംസ്കൃതം ഒരു നിർബന്ധവിഷയമാണ് ഇന്ന്. കാശിയിലെന്നപോലെ ദക്ഷിണേന്ത്യയിൽ, ഒരുപക്ഷെ തമിഴ്നാട്ടിൽ, ഒരു സംസ്കൃതസർവ്വകലാശാല സ്ഥാപിക്കുവാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

വ്യക്തികളുടേയോ. ഏതാനും ചില സംസ്കൃതസ്ഥാപനങ്ങളുള്ളവയുടേയോ പരിശ്രമഫലമായിട്ടു കൈവരുകയുള്ളു. വ്യക്തികൾക്ക് ഇതിൽ എന്തു ചെയ്യാൻ കഴിയുമെന്ന ചോദ്യം പ്രസക്തമാണ്. പലതും ചെയ്യാൻ കഴിയുമെന്നാണ് സമാധാനം. ഈയിടെ പ്രശസ്ത സംസ്കൃതപണ്ഡിതനായ രാഹുൽ സാംകൃത്യായനനെ ഞാൻ കണ്ടു സംസാരിക്കുകയുണ്ടായി. കേരളത്തിലെ സംസ്കൃതവിദ്യാഭ്യാസത്തിന്റെ നിലയെപ്പററി അദ്ദേഹം എന്നോടു ചോദിച്ചു. ഉത്തരേന്ത്യയിൽ സംസ്കൃതത്തിന്നു പ്രചാരം വർദ്ധിച്ചുവരുന്നുണ്ടെങ്കിൽക്കൂടി യഥാർത്ഥ പാണ്ഡിത്യം ക്ഷയിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പഴയ രീതിയിൽ പരിനിഷ്ഠിതമായ പാണ്ഡിത്യമുള്ളവരുടെ എണ്ണം തുലോം കുറവാണ്. സംസ്കൃതവിദ്യാഭ്യാസത്തിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നവരെങ്കിലും ഈ സംഗതി മനസ്സിലാക്കുകയും, ഇതിന്റെ പരിഹാരത്തിന്നു ശ്രമിക്കുകയും വേണം. എല്ലാ ശാസ്ത്രങ്ങളെപ്പററിയും സാമാന്യമായും ഒരു ശാസ്ത്രത്തെപ്പററി സവിശേഷമായുമുള്ള പാണ്ഡിത്യം അവർ സമ്പാദിക്കണം. അതോടൊപ്പം സംസ്കൃതസാഹിത്യാധ്യയനമണ്ഡലങ്ങളിൽ അപ്പോഴപ്പോഴുണ്ടാവുന്ന പുരോഗതി അവർ മനസ്സിലാക്കുകയും വേണം. ഒരു സാധനയെന്ന നിലയിൽ ഇതു ചെയ്യാൻ അവർ തയ്യാറാകണം.

ഇതുപോലെത്തന്നെ, കേരളത്തിലിന്നുള്ള സംസ്കൃതകോളേജുകൾക്കും, പല പരിമിതികളുമുണ്ടെങ്കിലും, കുറെയൊക്കെ സേവനമനുഷ്ഠിക്കുവാൻ കഴിയും. പരീക്ഷക്കു വിദ്യാർത്ഥികളെ തയ്യാറാക്കുകയെന്ന കർത്തവ്യം നിറവേററുന്നതോടൊപ്പംതന്നെ, വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും ലോകവ്യാപകമായ ഒരു വിജ്ഞാനസാധനയുടെ ഘടകങ്ങളാണ്, ഒരു വിശ്വയജ്ഞത്തിലെ സഹകാരികളാണ്, തങ്ങളെന്ന ബോധം വളർത്തേണ്ടതാണ്. സംസ്കൃതാധ്യയനം രചനാത്മകവും സജീവവുമായ ഒരു പരിപാടിയായിത്തീരുന്നത് അപ്പോൾ മാത്രമാണ്. ഇതിന്നായി സംസ്കൃതത്തോടൊപ്പം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലും നല്ല പരിജ്ഞാനം ഉളവാക്കാൻ ശ്രമിക്കേണ്ടതാണ്. കഴിയുമെങ്കിൽ ഓരോ സംസ്കൃതവിദ്യാർത്ഥിയും ജർമ്മൻകൂടി പഠിച്ചിരിക്കണം. ഇതൊന്നും അത്ര പ്രയാസമുള്ള കാര്യ ളല്ല.

പ്രാക്തനസംസ്കാരത്തിന്റെ താക്കോൽ

സംസ്കൃതവിദ്യാഭ്യാസം സജീവമാവുന്നത് അതിലൂടെ വിശാലമായൊരു പ്രാക്തനസംസ്കാരത്തെ നോക്കിക്കാണുമ്പോൾ മാത്രമാകുന്നു. ഈ സംസ്കാരം ഇന്ത്യയുടേതു മാത്രമല്ല മധ്യധരണ്യാഴി മുതൽ ചൈന വരേയും ഇന്ത്യ. സിലോൺ, ഇൻഡോനേഷ്യ, ഇൻഡോചൈന, മലയ എന്നീ രാജ്യങ്ങളിലൂടെ ശാന്തസമുദ്രംവരെയും പരന്നുകിടന്നിരുന്നതാണ് സംസ്കൃതത്തിലൂടെ അഭിവ്യക്തി തേടുന്ന സംസ്കാരം. ഈ വിശാലമായ പശ്ചാത്തലത്തിന്നെതിരേ വേണം സംസ്കൃതത്തെ നാം കാണുവാൻ. ഇതിന്നാകട്ടെ സംസ്കൃതത്തിന്നു പുറമെ അതിന്റെ രൂപഭേദങ്ങളായ പാലി, പ്രാകൃതങ്ങൾ എന്നിവയും അധ്യേയങ്ങളാകുന്നു. പാശ്ചാത്യഗവേഷകന്മാരുടെ ഗവേഷണങ്ങളുടെ ഫലമായി, പശ്ചിമേഷ്യയിൽനിന്ന് എന്നോ മറഞ്ഞുപോയ മിഥികൾ—ബൈബിളിലെ ഹിററൈററുകൾ—എന്നീ വർഗത്തെ സംബന്ധിച്ച പല വിവരങ്ങളും ഇന്നു പുറത്തുവന്നിട്ടുണ്ട്. ഇവരുടെ ശിലാലേഖങ്ങളിൽ വൈദികമതത്തിന്റെ പ്രഭാവം എത്രയും പ്രകടമാണ്. ഇതുപോലെ, മധ്യേഷ്യയുടെ ചരിത്രവും ഈയിടെയായി അനാവരണം ചെയ്യപ്പെട്ടുവരികയാണ്. ഇതു സംബന്ധിച്ച് എത്രയോ നല്ല പുസ്തകങ്ങൾ അടുത്തു പുറത്തുവന്നിട്ടുണ്ട്. പ്രൊഫസർ ബാഗ്ചയുടെ "ഇന്ത്യയും ചൈനയും" എന്ന പുസ്തകം ഉദാഹരണമാണ്. രാഹുൽ സാംകൃത്യായൻ ഹിന്ദിയിൽ എഴുതിയ 'മധ്യേഷ്യാ ചരിത്രം' ബിഹാർ രാഷ്ട്രഭാഷാ പരിഷത്ത് പ്രസിദ്ധംചെയ്തിട്ടുണ്ട്. തിബത്ത് മുതലായ രാജ്യങ്ങളിൽനിന്നും സംസ്കൃതത്തിലെ വിലപ്പെട്ട പല രത്നങ്ങളും കണ്ടുകിട്ടും. വിദൂരപൂർവ്വദേശത്തെസ്സംബന്ധിച്ചും അധ്യയനങ്ങൾ പലതും നടന്നിട്ടുണ്ട്. ഇ

കെ. എം. മുൻഷിയുടെ നേതൃത്വത്തിലാരംഭിച്ചു പ്രവർത്തിച്ചുവരുന്ന സംസ്കൃതവിശ്വപരിഷത്തു സംസ്കൃതപ്രചാരണത്തിന്നല്ലെങ്കിൽ സംസ്കൃതത്തെപ്പററിയുള്ള പ്രചാരണത്തിനെങ്കിലും വളരെയധികം ഉപകരിച്ചിട്ടുണ്ട്. പരിഷത്തിൻകീഴിൽ ഇപ്പോൾ 24 പ്രാദേശികശാഖകളും 177 സ്ഥാനീയശാഖകളും 153 സംസ്കൃതമണ്ഡലങ്ങളും 19 കേന്ദ്രങ്ങളുമുണ്ടത്രെ. ഇവയിൽ ഒരു ശാഖയും 25 കേന്ദ്രങ്ങളും അമേരിക്കയിലാണ്; ഒരു ശാഖ ജപ്പാനിലും. ലോകത്തിലിന്നുള്ള സംസ്കൃതവിദ്വാന്മാരുടെ ഒരു പരിചയപുസ്തകം —(Who is Who) ഇവർ തയ്യാറാക്കിവരുന്നുണ്ട്. സംസ്കൃതത്തിന്നു നിന്നു ഔദ്യോഗികമണ്ഡലത്തിൽ ബഹുമതിയും അംഗീകാരവും നേടിക്കൊടുക്കാൻ പരിഷത്തു കാര്യമായി ശ്രമിച്ചിട്ടുണ്ടെന്നതു നിസ്സംശയമത്രേ.

കേരളത്തിൽ സ്ഥിതി മറിച്ചോ?

ഇന്ത്യയുടെ മററു ഭാഗങ്ങളിൽ ഇങ്ങിനെ സംസ്കൃതത്തിന്നു പ്രചാരവും ബഹുമാന്യതയും വർദ്ധിച്ചുവരുമ്പോൾ, ഏറെ ശതാബ്ദങ്ങളോളം സംസ്കൃതവിദ്യാഭ്യാസത്തിന്റെ കേന്ദ്രമായിരുന്ന കേരളത്തിൽ സംസ്കൃതം ആകെ തളർന്നു വരുന്നതായി കാണുന്നതു് ശോചനീയമാണ്. കഴിഞ്ഞ ശതാബ്ദത്തിന്റെ ആരംഭകാലത്തു എത്രയെത്ര സംസ്കൃതവിദ്യാലയങ്ങളാണ് കേരളത്തിൽ, പ്രത്യേകിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും, ഉണ്ടായിരുന്നതു്! അവയിൽ പലതും ഇന്നു നാമാവശേഷമായിരിക്കുന്നു. പ്രശസ്തരീതിയിൽ നടന്നുവന്ന പല സംസ്കൃതകോളേജുകളും അന്നിവിടെയുണ്ടായിരുന്നു. ഇവയും വളരെയധികം ക്ഷയിച്ചും ശോഷിച്ചുമാണിന്നു നിലനില്ക്കുന്നതു് സംസ്കൃതവിദ്യാഭ്യാസത്തിന്റെ ചക്രനേമി കേരളത്തെസ്സംബന്ധിച്ചിടത്തോളം ഏററവുമധികം താഴത്തുവന്ന സമയമാണിതെന്നു തോന്നുന്നു. പഴയ രീതിയിൽ പഠിച്ചു് പരിനിഷ്ഠിതമായ പാണ്ഡിത്യം നേടിയ ഏതാനും പേർ ഇവിടെയുണ്ടായിരുന്നു. നാൾക്കുനാൾ ഇവരുടെ സംഖ്യയും കുറഞ്ഞുവരുകയാണ്.

കേരളത്തിൽ സംസ്കൃതവിദ്യാഭ്യാസത്തിന്റെ പുനരുദ്ധാരണത്തിന്ന് അടുത്ത കാലത്തു കാര്യമായ ശ്രമമൊന്നും നടക്കുകയുണ്ടായില്ല എന്നാണെന്റെ ഭയം. നിത്യകാര്യങ്ങൾ തപ്പിയും തടഞ്ഞും നടത്തിപ്പോരുക എന്നതിൽക്കവിഞ്ഞൊന്നും ചെയ്യാനുള്ള ശേഷിയോ ഭാവനയോ കേരളത്തിലെ ഗവർമ്മേണ്ടിനില്ല. തിരഞ്ഞെടുപ്പുകഴിഞ്ഞാലും ഈ നില ഭേദപ്പെടുമെന്ന ആശ എനിക്കില്ല.

നമ്മുടെ സർവ്വകലാശാലയുടെ സ്ഥിതി ഇതിലും മോശമാണ്. "തിരുവിതാംകൂർ സർവ്വകലാശാല" വിദ്യാഭ്യാസത്തിൽ വല്ല പുരോഗതിക്കും കാരണമായേക്കുമെന്ന് ആശിക്കാൻ വഴി കാണുന്നില്ല. കഴിഞ്ഞ ആണ്ടിൽ കേന്ദ്രത്തിൽനിന്നു നല്കിയ 20 ലക്ഷം ക. ഗ്രാന്റിൽ 18 ലക്ഷം ക. ഔദാര്യപൂർവ്വം തിരിച്ചുകൊടു അവരാണല്ലോ അവർ! അതിനാൽ, അവരുടെ പരിശ്രമംകൊണ്ടു നമ്മുടെ സംസ്കൃതവിദ്യാഭ്യാസത്തിന്നു പരപ്പോ അഗാധതയോ വർദ്ധിക്കുമെന്ന് ആശിക്കാൻ കവിഞ്ഞ ശുഭപ്രതീക്ഷാശീലം തന്നെ വേണം.

സംസ്കൃതവിദ്യാഭ്യാസത്തിന്നു ഇവിടെ വല്ല വളർച്ചയും വേണമെങ്കിൽ അതു

തധികവും ഡച്ച് ഭാഷയിലാണ്. എന്നാൽ ക്രമേണ ഈ വിവരങ്ങളും നമുക്കു മനസ്സിലാകുന്ന ഭാഷകളിൽ വരാൻ തുടങ്ങിയിട്ടുണ്ട്. സർവ്വോപരി, ഭാരതീയ വിദ്യാഭവൻ മുതലായ സ്ഥാപനങ്ങളുടെ ഇന്ത്യാചരിത്രസംബന്ധികളായ പ്രസിദ്ധീകരണങ്ങളും ഓരോ സംസ്കൃതവിദ്യാർത്ഥിയും പഠനം ചെയ്യേണ്ടതാണ്. അങ്ങിനെ സംസ്കൃതഭാഷാപരിജ്ഞാനം ഒരു സംസ്കാരത്തിലേക്കു്, ഒരു ലോകവീക്ഷണത്തിലേക്കു്, മറഞ്ഞുപോയ ഒരു സ്വപ്നയുഗത്തിലേക്കു് കടക്കാൻ ഉള്ള ആനപ്പടിവാതിലായി ഉപകരിക്കുന്നതിന്ന് ആവശ്യമായ പാഠപദ്ധതി ഇന്നത്തെ സംസ്കൃതവിദ്യാലയങ്ങൾ സ്വയം ഉണ്ടാക്കണം.

സംസ്കൃതം ഇന്ത്യയിലേക്കു് തിരിച്ചുവരികയാണ് എന്നതിൽ സംശയമില്ല. സംസ്കൃതവിദ്യാർത്ഥിക്കു് ഉപജീവനം മാത്രമല്ല, സമുദായത്തിൽ ബഹുമാന്യസ്ഥാനം തന്നെ കിട്ടിത്തുടങ്ങുന്ന കാലം വിദൂരമല്ല. ആ കാലം മുന്നിൽക്കണ്ടുകൊണ്ട് നമുക്ക് യഥാശക്തി സംസ്കൃതപ്രചാരണത്തിന്ന് ശ്രമിക്കുക.